# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 8038

24.07.2012 ൽ മറുപടിയ്ക്ക്

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. വി. ശശി<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സഹകരണ മേഖലയിൽ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പലിശയിളവ് ഇനത്തിൽ മൊത്തം എന്ത് തുക സഹകാരികൾക്ക് ആനുകൂല്യമായി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2011 ജൂലൈ 1 മുതൽ സെപ്റ്റംബർ 15 വരെയുള്ള കാലയളവിൽ "ആശ്വാസ് 2011" കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിരുന്നു. 73.13 കോടി രൂപയുടെ ഇളവുകൾ ഈ പദ്ധതി വഴി സഹകാരികൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) മൊത്തം എത്ര സഹകാരികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) "ആശ്വാസ് 2011" കുടിശ്ശിക നിവാരണ പദ്ധതി വഴി 2,75,732 സഹകാരികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത കാലയളവിൽ ആത്മഹത്യചെയ്ത കർഷകരുടെ വായ്പയിനത്തിൽ സഹകരണ സ്ഥാപനങ്ങൾ എത്ര തുക എഴുതിത്തള്ളിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) സഹകരണ സ്ഥാപനങ്ങളിലെ കടബാധ്യത കാരണം കർഷകർ പ്രസ്തുത കാലയളവിൽ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ